**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1688** **20-06-2024 - ൽ മറുപടിയ്ക്ക്**

**കർഷക പെൻഷൻ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2020 മുതൽ കർഷക പെൻഷൻ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | 14.08.2020 തീയതിയിലെ സ.ഉ.(കൈ) നം63/2020/ കൃഷി, 27.01.2021 തീയതിയിലെ സ.ഉ.(കൈ) നം.8/2021/കൃഷി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം രണ്ടു തവണയായി ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ആകെ 13466 (10269+3197) പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.<br><br>തുടർന്ന് കർഷക പെൻഷനു വേണ്ടി കൃഷി ഭവനുകളിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷം കാർഷിക വികസന സമിതിയുടെ അംഗീകാരത്തോടു കൂടി 2021 ഒക്ടോബർ മാസം കൃഷി ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ ഉൾപ്പെട്ട പുതിയ ഗുണഭോക്താക്കളിൽ (6765 എണ്ണം) നിന്നും വിവിധ സാമൂഹിക സുരക്ഷ പെൻഷൻ സ്കീമുകൾ പ്രകാരം പെൻഷൻ ലഭിക്കാൻ അർഹരായവരെ ഒഴിവാക്കി പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2023 മെയ് മാസം ലഭ്യമായ കർഷക പെൻഷനു അർഹരായ പുതിയ ഗുണഭോക്താക്കളുടെ (6201 എണ്ണം) പുതുക്കിയ ലിസ്റ്റ് നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | അർഹരായ മുഴുവൻ കർഷകർക്കും പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | 14.08.2020 തീയതിയിലെ സ.ഉ.(കൈ) നം63/2020/ കൃഷി, 27.01.2021 തീയതിയിലെ സ.ഉ.(കൈ) നം.8/2021/കൃഷി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം രണ്ടു തവണയായി ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ആകെ 13466 (10269+3197) പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.<br><br>തുടർന്ന് കർഷക പെൻഷനു വേണ്ടി കൃഷി ഭവനുകളിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷം കാർഷിക വികസന |

| | | | |
|---|---|---|---|
| | | | സമിതിയുടെ അംഗീകാരത്തോട്ടു കൂടി 2021 ഒക്ടോബർ മാസം കൃഷി ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ ഉൾപ്പെട്ട പുതിയ ഗുണഭോക്താക്കളിൽ (6765 എണ്ണം) നിന്നും വിവിധ സാമൂഹിക സുരക്ഷ പെൻഷൻ സ്കീമുകൾ പ്രകാരം പെൻഷൻ ലഭിക്കാൻ അർഹരായവരെ ഒഴിവാക്കി പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2023 മെയ് മാസം ലഭ്യമായ കർഷക പെൻഷനു അർഹരായ പുതിയ ഗുണഭോക്താക്കളുടെ (6201 എണ്ണം) പുതുക്കിയ ലിസ്റ്റ് നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ